"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ, കൂടാളി ഹയർ സെക്കന്ററി സ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീമതി.കെ.കെ.ശ്യാമയുടെ എഫ്.ടി.സി.ഇ തസ്തികയിലെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

സ.ഉ.(സാധാ) നം.4462/2026/GEDN തീയതി,തിരുവനന്തപുരം, 03-07-2026

പരാമർശം:-

1. കൂടാളി ഹയർ സെക്കന്ററി സ്കൂൾ മാനേജരുടെ 27.03.2025 തീയതിയിലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.05.2025-ലെ ഡിജിഇ/10391/2025-ഇഎം4 നമ്പർ റിപ്പോർട്ട്

ഉത്തരവ്

കണ്ണൂർ, കൂടാളി ഹയർ സെക്കന്ററി സ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീമതി.കെ.കെ.ശ്യാമയുടെ എഫ്.ടി.സി.ഇ തസ്തികയിലെ നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ പരാമർശം 1 പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയത്തിൽ 10.07.2025 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3.ശ്രീമതി.കെ.കെ.ശ്യാമയുടെ വാദഗതികൾ ഇപ്രകാരമാണ്. തന്റെ ഭർത്താവായിരുന്ന ശ്രീ.എ.വി.വിമൽകൃഷ്ണൻ കൂടാളി ഹയർ സെക്കന്ററി സ്കൂളിൽ ക്ലാർക്കായിരിക്കെ 29.06.2023-ന് മരണപ്പെട്ടതിനെ തുടർന്ന് ആശ്രിത നിയമന വ്യവസ്ഥ അനുസരിച്ച് ജോലിക്കു വേണ്ടി മാനേജർക്ക് അപേക്ഷ സമർപ്പിച്ചു. അപേക്ഷ സമർപ്പിച്ച തീയതിക്ക് ശേഷം ആദ്യത്തെ ഒഴിവ് ആവിർഭവിച്ചത് എഫ്.ടി.സി.ഇ. തസ്തികയിലാണ്. ആയതിനാൽ, പ്രസ്തുത ഒഴിവിൽ നിയമനം നൽകാൻ കെ.ഇ.ആർ അധ്യായം XXIV (B), ചട്ടം 9A അനുസരിച്ച് മാനേജർക്ക് നിയമപരമായ ബാധ്യതയുണ്ട്. അപ്രകാരമാണ്, ഒരു സമാശ്വാസം എന്ന നിലയിൽ ബിരുദധാരിയായ ശ്രീമതി കെ.കെ.ശ്യാമക്ക് എഫ്.ടി.സി.ഇ. തസ്തികയിൽ നിയമനം നൽകിയത്. എന്നാൽ, താനൊരു ബിരുദധാരിയാണ് എന്ന കാരണത്താലും, ശ്രീ എം.ശ്രീരാഗിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിച്ച് ഉത്തരവാകാത്തതിനാൽ ഹർജിക്കാരിയെ ഉൾക്കൊള്ളാനുള്ള ഒഴിവ് സ്ഥാപിതമല്ലാത്തതിനാലും ടിയാളുടെ എഫ്.ടി.സി.ഇ. നിയമനം അംഗീകരിക്കുവാനുള്ള അപേക്ഷ ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ഗവൺമെന്റ് സ്കൂളിലെ എഫ്.ടി.സി.ഇ. തസ്തികക്ക് ബാധകമായ അതേ യോഗ്യത തന്നെയാണ എയ്ഡഡ് സ്കൂളിലെ എഫ്.ടി.സി.ഇ. തസ്തികയിലെ നിയമനത്തിന്റെ കാര്യത്തിലും ബാധകമായ യോഗ്യത. ഗവൺമെന്റ് സർവീസിൽ എഫ്.ടി.സി.ഇ. തസ്തികയിൽ നേരിട്ട്

നിയമനമില്ല. പാർട്ട് ടൈം കണ്ടിഞ്ചന്റ് ജീവനക്കാരുടെ പൊതുസീനിയോറിട്ടിയുടെ അടിസ്ഥാനത്തിലാണ ഗവൺമെന്റ് സ്കൂളിലെ എഫ്.ടി.സി.ഇ. തസ്തികയിൽ സ്ഥാനക്കയറ്റം വഴി നിയമനം നടത്തുന്നത്. ബിരുദധാരികളെ പാർട്ട് ടൈം തസ്തികയിലെ നിയമനത്തിന അയോഗ്യരാക്കുന്ന വ്യവസ്ഥകൾ ഒന്നും തന്നെ കേരള പാർട്ട് ടൈം കണ്ടിജന്റ് സർവീസ് ചട്ടങ്ങളിൽ ഇല്ല. അതുപോലെ തന്നെ, ബിരുദധാരികളെ എഫ്.ടി.സി.ഇ. തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന അയോഗ്യരാക്കുന്ന വ്യവസ്ഥകൾ ഒന്നും പ്രസ്തുത ചട്ടങ്ങളിൽ ഇല്ല. ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തിന്റെ കാര്യത്തിൽ മാത്രമാണ ബിരുദം ഒരു അയോഗ്യതയായി ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ വ്യവസ്ഥ കണ്ടിജന്റ് സർവീസിലെ തസ്തികയുടെ നിയമനത്തിന്റെ കാര്യത്തിൽ ബാധകമാക്കുകയും, അപ്രകാരം എഫ്.ടി.സി.ഇ. തസ്തികയിലെ തന്റെ നിയമനം അംഗീകരിക്കുവാനുള്ള അപേക്ഷ നിരസിക്കുകയും ചെയ്ത ജില്ല വിദ്യാഭ്യാസ ഓഫീസറുടെ നടപടി നിയമാനുസൃതമല്ല. ശ്രീ എം. ശ്രീരാഗിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കുന്ന മുറക്ക് 9A (51B) അവകാശിയായ ശ്രീമതി കെ.കെ.ശ്യാമയുടെ എഫ്.ടി.സി.ഇ. തസ്തികയിലെ നിയമനം അംഗീകരിക്കുവാൻ തലശ്ശേരി ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

4. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. കൂടാളി ഹയർ സെക്കന്ററി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീ.ശ്രീരാഗ് എം.നെ 01.08.2023 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നല്കിയ ഒഴിവിൽ 01.08.2023 മുതൽ കെ.ഇ.ആർ അദ്ധ്യായം 24എ ചട്ടം 9എ അവകാശിയായ ശ്രീമതി ശ്യാമ കെ.കെ.യെ എഫ്.ടി.എം തസ്തികയിൽ മാനേജർ നിയമിച്ചു. ശ്രീ.ശ്രീരാഗ് എം.ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റം അംഗീകരിച്ച് ഉത്തരവായിട്ടില്ല എന്നതിനാലും ശ്രീമതി.ശ്യാമ കെ.കെ.യ്ക്ക് എഫ്.ടി.എം തസ്തികയിലെ നിയമനത്തിന് അധികയോഗ്യത ഉള്ളതിനാലും ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസറും അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചു. ശ്രീമതി.ശ്യാമ കെ.കെ.യുടെ ഡിഗ്രി, ബി.എഡ്. യോഗ്യതകൾ എഫ്.ടി.എം തസ്തികയ്ക്ക് അധിക യോഗ്യതയാണ്. ശ്രീ.ശ്രീരാഗ് എം.ന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സ്ഥാനക്കയറ്റം അംഗീകരിച്ച് ഉത്തരവായിട്ടില്ലാത്തതിനാൽ നിയമനത്തിനുള്ള ഒഴിവ് സ്ഥാപിതമല്ല എന്നീ കാരണങ്ങളാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറും അപ്പീൽ നിരസിച്ചിരുന്നു. ശ്രീമതി.ശ്യാമ കെ.കെ.യ്ക്ക് എഫ്.ടി.എം തസ്തികയിലെ നിയമനത്തിന് അധിക യോഗ്യതയുണ്ട്. കെ.ഇ.ആർ അദ്ധ്യായം 24എ ചട്ടം 9എ അവകാശിയാണെങ്കിൽ കൂടിയും പ്രസ്തുത വ്യവസ്ഥയിൽ ഇളവുകൾ നിലവിലില്ല. ആയതിനാൽ അപ്പീൽ നിലവിലെ ചട്ടപ്രകാരം പരിഗണനാർഹമല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെ.ഇ.ആർ. അദ്ധ്യായം 24 (ബി) ചട്ടം 4 പ്രകാരം സർക്കാർ സ്കൂളിലെ അദ്ധ്യാപകേതര ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള യോഗ്യതകൾ തന്നെയാണ് എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകേതര ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളത്. സ.ഉ.(അച്ചടി) നം.12/2016/ഉഭപവ, തീയതി 04/06/2016 ഉത്തരവ് പ്രകാരം എഫ്.ടി.എം., ഓഫീസ് അറ്റന്റന്റ് തസ്തികകൾക്ക് ബിരുദം ഉണ്ടാവാൻ പാടില്ല എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. സ.ഉ.(അച്ചടി) നം.12/2016/ഉഭപവ, തീയതി 04/06/2016

, സ.ഉ(അച്ചടി) നം.30/2016/ഉഭപവ, തീയതി 03/12/2016 എന്നിവ പ്രകാരം The Kerala Last Grade Service(Amendment) Rules, 2016 -ൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള എഫ്.ടി.എം ഉൾപ്പെടെയുള്ള തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത "Should have passed Standard VII and should not have acquired Graduation" എന്ന് ഭേദഗതി വരുത്തിയിട്ടുമുണ്ട്. 04/06/2016 മുതൽ ടി ചട്ട ഭേദഗതി നിലവിലുണ്ട്.കെ.ഇ.ആർ അദ്ധ്യായം 24എ ചട്ടം 9എ അവകാശിയായ ശ്രീമതി.ശ്യാമ കെ.കെ.യെ 01.08.2023 മുതൽ പ്രാബല്യത്തിലാണ് മാനേജർ എഫ്.ടി.എം. തസ്തികയിൽ നിയമിച്ചിരിക്കുന്നത്. നിയമിക്കപ്പെടുമ്പോൾ ഹർജിക്കാരിക്ക് ഡിഗ്രി, ബി.എഡ്. യോഗ്യതകൾ ഉണ്ട്. ഹർജിക്കാരി കെ.ഇ.ആർ അദ്ധ്യായം 24എ ചട്ടം 9എ അവകാശിയാണെങ്കിലും 04/06/2016 ന ശേഷം ബിരുദധാരികളെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ നിയമിക്കുവാനാകില്ല. ആയതിനാൽ ശ്രീമതി ശ്യാമ കെ.കെ.യുടെ എഫ്.ടി.എം തസ്തികയിലെ നിയമനത്തിന് അംഗീകാരം നൽകണമെന്ന ആവശ്യം നിരസിച്ച് അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അപ്സര ടി ടി

അണ്ടർ സെക്രട്ടറി

മാനേജർ, കൂടാളി ഹയർ സെക്കന്ററി സ്കൂൾ, കൂടാളി പി.ഒ., കണ്ണൂർ - 670 592

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 04-07-2026 11:15:11

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.